# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 169** — **06.07.2015-ൽ മറുപടിക്ക്**

## കായൽ മലിനീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എം.പി. വിൻസെന്റ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ കായൽ മലിനീകരണം നിയന്ത്രിക്കുവാൻ പരിസ്ഥിതി വകുപ്പ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ; | (എ) വെള്ളായണി, കവ്വായി, ശാസ്താംകോട്ട കായലുകളുടെ മലിനീകരണം നിയന്ത്രിച്ചും പരിപാലിച്ചും സംരക്ഷിക്കുന്നതിനുള്ള കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ; | (ബി) കർമ്മപദ്ധതിയുടെ ഫലപ്രദമായ പൂർത്തീകരണത്തിനു വേണ്ടി സവിശേഷതകളും പ്രയോജനങ്ങളും ജലത്തിന്റെ ഗുണനിലവാരവും അളവിലെ ഏറ്റക്കുറച്ചിലും ആവാസവ്യവസ്ഥയുടെ സ്ഥിതിയും ഗഹനമായി പഠിക്കുകയും അവ നേരിടുന്ന ഭീഷണികളും വെല്ലുവിളികളും കൃത്യമായി കണ്ടെത്തി അവയെ ഒഴിവാക്കുന്നതിനും തന്മൂലം ആരോഗ്യകരമായ കായൽ ആവാസവ്യവസ്ഥ പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് ഈ കർമ്മ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കയ്യേറ്റ ഭൂമി പരമാവധി ഒഴിപ്പിച്ചെടുക്കുക, സുസ്ഥിര കൃഷിരീതികൾ അവലംബിക്കുക,സുസ്ഥിരമായ കുടിവെള്ള പദ്ധതികൾ ആരംഭിക്കുക, മലിനീകരണം ഒഴിവാക്കാനുള്ള സംവിധാനങ്ങൾ സ്വീകരിക്കുക, സാനിറ്റേഷൻ, ഡ്രെയിനേജ്, മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ നിർമ്മിക്കുക, മണ്ണൊലിപ്പും മണലെടുപ്പും നിയന്ത്രിക്കൽ, മറ്റ് നിർമ്മാണ രീതികളായ അഗ്രോഫോറസ്ട്രി, ജൈവവേലി, ഇക്കോടൂറിസം എന്നിവ അവലംബിക്കൽ, ബണ്ടുകൾ/ഭിത്തികൾ നിർമ്മിക്കൽ എന്നിവ കായൽ സംരക്ഷണ പദ്ധതിയിൽപ്പെടുന്നവയാണ്.<br><br>ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, |

(contd........2....)

| | | |
|---|---|---|
| | | ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജും ഗാർബേജുകളും എഞ്ചിനിൽ നിന്നുള്ള എണ്ണയും കായൽ മലിനീകരണം ഉണ്ടാക്കുന്നതിന് കാരണമാകുന്നു. ഇത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്. |
| (സി) | ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (സി) റവന്യൂ, കൃഷി, ജലവിഭവം, ഇറിഗേഷൻ എന്നീ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വമിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, വനം, ടൂറിസം എന്നീ വകുപ്പുകൾ/സ്ഥാപനങ്ങൾ കൂടാതെ തദ്ദേശീയ കൂട്ടായ്മകളുടെ സഹകരണവും ഉറപ്പാക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (ഡി) കേരളത്തിലെ കായൽ മലിനീകരണം നിയന്ത്രിക്കുന്നതിനും ജൈവ ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനുമുള്ള കർമ്മപദ്ധതികൾ കോഴിക്കോട്ടെ CWRDM (Centre for Water Resource Development & Management) ഉൾപ്പെടെയുള്ള വിദഗ്ധ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. വെള്ളായണി, കവ്വായി, ശാസ്താംകോട്ട തുടങ്ങിയ കായലുകളുടെ പദ്ധതി നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ